<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2338</u> <u>03-03-2025 - ൽ മറുപടിയ്ക്ക്</u>

<u>ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II/പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ വി കെ പ്രശാന്ത്</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് എത്ര ഗ്രാമപഞ്ചായത്തുകളിലാണ് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II/പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഉള്ളതെന്നും അവ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;</td><td>(എ)</td><td>സംസ്ഥാനത്ത് 12 പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസെക്ടർ ഗ്രേഡ് II/ പബ്ലിക് ഹെൽത്ത് ഇൻസെക്ടർ തസ്തിക നിലവിലുണ്ട്.
<table>
<tr><td>ജില്ല</td><td>പഞ്ചായത്തുകൾ</td></tr>
<tr><td>കോഴിക്കോട്</td><td>താമരശ്ശേരി, കക്കോടി,<br>പെരുവയൽ, ബാലുശ്ശേരി,<br>അഴിയൂർ, പേരാമ്പ്ര<br>നാദാപുരം.</td></tr>
<tr><td>പാലക്കാട്</td><td>വടക്കാഞ്ചേരി</td></tr>
<tr><td>പത്തനംതിട്ട</td><td>കോന്നി, മല്ലപ്പള്ളി,<br>കോഴഞ്ചേരി</td></tr>
<tr><td>വയനാട്</td><td>പുൽപ്പള്ളി</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ഗ്രാമപഞ്ചായത്തുകളിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II/പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;</td><td>(ബി)</td><td>ഗ്രാമപഞ്ചായത്തുകളിലെ ഹെൽത്ത് ഇൻസെക്ടർ ഗ്രേഡ് II/പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ ഒഴിവുകൾ നിലവിലില്ല.</td></tr>
<tr><td>(സി)</td><td>തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് നിലവിൽ വന്ന സാഹചര്യത്തിൽ, ഗ്രാമപഞ്ചായത്തുകളിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നഗരസഭകളിലെ സമാന തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;</td><td>(സി)</td><td>ഇല്ല</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II/പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ആരോഗ്യ മേഖലയിലെ സേവനം ശക്തിപ്പെടുത്താനായി ഹെൽത്ത് ഇൻസ്പെക്ടർ താൽക്കാലിക നിയമനങ്ങളുടെ ആവശ്യകത പരിശോധനയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ